## 158

വാഴ്ത്തും യേശുവെ ഞാൻ വാഴ്ത്തും യേശുവെ
ഭക്തിയായ് വണങ്ങി നിത്യം വാഴ്ത്തും യേശുവേ

1 സത്യദൈവ ജാതനും സ്തുത്യനാമെൻ നാഥനും
ഭക്തചിന്താമണിയുമായ് പാർത്തിടും ശ്രീയേശുവേ-

2 കത്തിയെരിഞ്ഞുള്ളൊരു തീയിൽ നിന്നീക്കൊള്ളിയെ
തൽക്ഷണം വലിച്ചെടുത്തു കാത്ത കൃപാ മൂർത്തിയെ

3 ഘോരമാമിരുളിലെൻ ചാരുവാം വെളിച്ചമായ്
സൂര്യനെപ്പോൽ വിളങ്ങുന്ന കാരണസ്വരൂപിയെ

4 കാട്ടുമരപ്പന്തിയിൽ നാരകമാണെൻ പ്രിയൻ
നാട്ടിലെങ്ങുമൊളി വീശും ശാരോൻ ലില്ലിപ്പുഷ്പവും-

5 നായകനുമായവൻ സ്നേഹിതനും താതനും
മായമറ്റ മാതാവുമെൻ മാന്യ ഗുരുഭൂതനും-

6 ശീതമതിലുഷ്ണവും ചൂടിലെൻ തണുപ്പതും
ദീന ശയ്യയിലെനിക്കു ദിവ്യമാമൗഷധവും-

7 ജീവനേകുമപ്പവും ദിവ്യപാന വസ്തുവും
പ്രേമഗീതവും മധുര വാദ്യവും സമ്പാദ്യവും-

8 നാശമില്ലാദ്രവ്യവും പേശലമാം ഹവ്യവും
ആശയുള്ളോർക്കായവൻ താനായതിൽ ഭവ്യവും- K.V.S.